കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തരിയോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-511/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് , കൽപ്പറ്റ.

തിയ്യതി:10/10/2019

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് , കൽപ്പറ്റ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

തരിയോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7, 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം

ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം, വയനാട്.

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി .പി1-511/2019

തിയ്യതി:10/10/2019

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2018 മുതൽ 31.05.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയി ട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14.06.2019 മുതൽ 25/06/2019 വരെ | |
| | | | |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ എം നവാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.കെ വി ഡേവിഡ് | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ഇന്ദു കെ നായർ | ഓഡിറ്റർ |
| | | ശ്രീമതി.റ്റിജി വർഗ്ഗീസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1)റീന സുനിൽ 2)സിന്ധു ഷിബു(ആക്ടിംഗ് പ്രസിഡന്റ്) 3)ഷീജ ആന്റണി | 1)01.04.2018 മുതൽ 16.01.2018 വരെ 2)17.01.2019 മുതൽ 6.02.2019 വരെ 3)07.02.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി പി കെ ഇന്ദിര | 01.04.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
| ടി. ഇ. ഒ | 1)ശ്രീമതി ശ്രീകല ടി. പി 2)ശ്രീ ബിജു കെ എൽ | 1)01.04.2018 മുതൽ 7.08.2018 വരെ 2)08.08.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ | 01.04.2018 |

| | | |
|---|---|---|
| | ഈശ്വരപ്രസാദ് സി | മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. മുഹമ്മദ് കുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഉഷ കെ കെ | 01.04.2018 മുതൽ 16.07.2019 വരെ |
| | ശ്രീമതി എം സുമതി | 17.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. വിജേഷ് എം. വി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നർഗ്ഗീസ് പി | 01.04.2018 മുതൽ 30.10.2018 വരെ |
| | ഡോ. വിജയ റാണി | 31.10.2018 മുതൽ 4.12.2018 വരെ |
| | ഡോ.ശ്രീനാഥ് | 5.12.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.സന്ധ്യ എസ് | 1.4.2018 മുതൽ 10.10.2018 വരെ |
| | ഡോ.രേഖ | 11.10.2018 മുതൽ 17.2.2019 വരെ |
| | ഡോ. സിറാജ്ജുദ്ധീൻ | 17.02.2019 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി സിൽവിയ വി. എം | 01.04.2018 മുതൽ 5.06.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ ടോമി എബ്രഹാം | 06/06/2018 മുതൽ 31/03/2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ ഷിനോജ് ടി. വി | 01/04/2018 മുതൽ 31/12/2018 വരെ |
| | ശ്രീ സജി കുഞ്ഞുമോൻ | 1.01.2019 മുതൽ31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഫ്ലോറി പി സി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | | | |

| | | | |
|---|---|---|---|
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ. | 2-1 | |
| 14 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-2 | |
| | ഭാഗം - 3 | | |
| 15 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | 3-1 | |
| 16 | തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ വേതനം | 3-2 | |
| 17 | ആയുർവേദം -13244രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. | 3-3 | |
| 18 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട്. | 3-4 | |
| 19 | ഗ്രാമപഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുകളുടെ ഫീസ് ലഭ്യമായിട്ടില്ല. | 3-5 | |
| 20 | എം.എൻ.ആർ.ജി.എ. പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-6 | |
| 21 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ കരാറുടമ്പടി വെച്ച് ഏറ്റെടുക്കാത്ത കാരറുകാർക്കെതിരെ നടപടി സ്വീകരിച്ച് റീടെണ്ടർ നടത്തിയില്ല | 3-7 | |
| 22 | കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം. | 3-8 | |
| 23 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലേയും നിർവ്വഹണത്തിലെയും വീഴ്ചകൾ | 3-9 | |
| 24 | ഹരിത കർമ്മസേന - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-10 | |
| 25 | തെങ്ങ് കൃഷി പുനരുദ്ധാരണം - തെങ്ങിൻ തൈ വിതരണം നടത്തിയില്ല. | 3-11 | |
| 26 | നവാഗതർക്ക് കുട, ബാഗ് വിതരണം - വിതരണ വിവരം ലഭ്യമല്ല – 25241 രൂപ തടസ്സം | 3-12 | |
| | ഭാഗം 4 | | |
| 27 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| | | | |

| | | | |
|---|---|---|---|
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപം4 | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 45-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

26/03/2018 തിയ്യതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബഡ്ജറ്റ് 20/02/2019 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 28.05.2019 & 29.05.2019 | കെ. എസ്. ഡബ്ല്യ. വൈ. ഡി. പി1-402/19 തീ. 20.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 2,02,00,088.60 |
| വരവ് | 5,44,52,811 |
| ആകെ | **7,46,52,899.60** |
| ചെലവ് | 5,41,59,983 |
| നീക്കിയിരിപ്പ് | **2,04,92,916.60** |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | NIL | 1,25,84,663 | 1,25,84,663 | 1,12,16,034 | 13,68,629 |
| വികസന ഫണ്ട് (എസ്.സി.പി) | NIL | 5,70,000 | 5,70,000 | 5,20,000 | 50,000 |
| വികസന ഫണ്ട് (ടി.എസ്.പി) | NIL | 59,86,000 | 59,86,000 | 58,91,665 | 94,335 |
| മെയിന്റ നൻസ് (റോഡ്) | NIL | 53,01,000 | 53,01,000 | 52,54,248 | 46,752 |
| മെയിന്റനൻസ് (റോഡിതരം) | NIL | 27,80,000 | 27,80,000 | 27,43,876 | 36,124 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | NiL | 58,46,000 | 58,46,000 | 57,25,348 | 1,20,652 |
| എസ്.ബി.റ്റി (സീറോ ബാലൻസ്) | 1,81,047 | 57,93,899 | 59,74,946 | 55,90,914 | 3,84,032 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 4,19,267 | 50,29,878 | 54,49,145 | 44,79,189 | 9,69,956 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 73309446 | 108 | 40525480 | 8 | 14 | 83.08 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5,12,911 | 10,33,122 | 15,46,033 | 12,83,894 | 2,62,139 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,13,09,894 | 3,13,09,894 | 3,13,09,894 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 250 | 31,23,800 |
| വിധവ പെൻഷൻ | 399 | 45,37,400 |
| വികലാംഗ പെൻഷൻ | 120 | 14,12,200 |
| തൊഴിലില്ലായ്മ വേതനം | 19 | 32,400 |
| വാർദ്ധക്യ കാല പെൻഷൻ | 684 | 73,32,300 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2 | 60,000 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 89403( എൺപത്തി ഒൻപതിനായിരത്തി നാനൂറ്റി മൂന്ന്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തരിയോട് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിവിധ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി , വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ - കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച മിനിട്ട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവസ്റ്റു് ആധാരമായ രേഖകൾ ഫയലായി സൂക്ഷിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല.
2. കുറിപ്പ് ഫയൽ സൂക്ഷിക്കുന്നില്ല. ഫയൽ പേജ് നമ്പർ ഇട്ട് ക്രമമായി അടുക്കി സൂക്ഷിക്കുന്നതിൽ വിഴ്ചയുണ്ട്.
3. .ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/02/2019 മുതൽ 14/02/2019 വരെ | 01/04/2018 മുതൽ 31/12/2018 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/04/2010 മുതൽ 07/05/2010 വരെ | 2005-06 മുതൽ 2009-10 വരെ | 09/06/20100 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുന്ന ഓരോ കമ്പനിയുടേയും, തൊഴിലിലോ ,ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു.പഞ്ചായത്തിന്റെ 2018-19 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വ്യാപാര ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ടെങ്കിലും അതിനനുസരിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ലൈസൻസ് നം.110/18-19/A5-969/18 dtd 2/6/18, ബേബി ജോസ് അറക്കപറമ്പിൽ | 5 |
| 2 | ലൈസൻസ് നം.192/18-19/A5-2899/18 dtd 11/9/18, ജോളി എൻ എം. | 5 |
| 3 | ലൈസൻസ് നം.162/18-19/A5-1480/18 dtd 24/5/18, പ്രകാശ് പി ബി | 2 |
| 4 | ലൈസൻസ് നം.109/18-19/A5-970/18 dtd 28/11/18, സെബാസ്റ്റ്യൻ ഐക്കരത്താഴത്ത് | 3 |
| 5 | ലൈസൻസ് നം.227/18-19/A5-7083/18 dtd 19/01/19, | 2 |

| | | |
|---|---|---|
| | ആൻമരിയ സെബാസ്റ്റ്യൻ. | |

2.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഈടാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ വിവരം |
|---|---|
| 1 | ലൈസൻസ് നം.155/18-19/A5-1436/18 dtd 10/07/18, ഡോ.മാത്യു.ടി |
| 2 | ലൈസൻസ് നം.228/18-19/A5-6639/18 dtd 26/01/19, ഡോ.ഷാമില |
| 3 | ലൈസൻസ് നം.125/18-19/A5-1015/18 dtd 02/11/18, ഡോ.നിഖില രവീന്ദ്രൻ |

3.റേഷൻ കടകൾ,ബി എസ് എൻ എൽ,പാറക്കണ്ടി ഫ്യുവൽസ് എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിലെ തസ്തിക സ്ഥിരപ്പെടുത്താത്ത അധ്യാപകരുടെ തസ്തിക സ്ഥിരപ്പെടുത്തുമ്പോൾ അതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ല എന്നകാരണത്താൽ തൊഴിൽ നികുതി അടയ്ക്കാത്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.

5.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തരിയോട് കമ്യൂണിറ്റി ഹെൽത്ത് സെന്റർ, കർലാട് ലേക്ക് എന്നിവിടങ്ങളിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം. 5/18-19,തീയ്യതി 19.06.2019)മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിന് അതത് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ]

ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റിൽ 254 വ്യാപാരികൾ/ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടെങ്കിലും 239 വ്യാപാരികൾ മാത്രമേ ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

I. അയന ഇൻഡസ്ട്രീസ്, വാർഡ് 1, അനീഷ് സി.ബി

– 1826/18 നമ്പറായി അപേക്ഷ നൽകിയിരുന്നു. എന്നാൽ PCB ഹാജരാക്കാൻ നിർദ്ദേശം നൽകിയിരുന്നു എങ്കിലും ഹാജരാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യാൻ സാധിച്ചിട്ടില്ല

2. കരകൗശല വിൽപ്പന ശാല, രാജേഷ് പി.ജെ, വാർഡ് 2

3. ചായക്കട, മജീദ്, പുത്തൻപുരക്കൽ, വാർഡ് 2

4. കല്യാണമണ്ഡപ വാടക സാധനങ്ങൾ, ജോമോൻ വി.വി, വാർഡ് 4

4

5. സ്റ്റേഷനറി, തോമസ്, കുവക്കൽ, വാർഡ് 5

6. ഹോളോബ്രിക്സ് നിർമ്മാണം, ദേവസ്യ, തൊട്ടിയിൽ, വാർഡ് 8

7. വാടക സ്റ്റോർ, സന്തോഷ് റ്റി.ജെ, തടത്തിൽ, വാർഡ് 8

8. പോൾ, വടക്കുടൻ

9. സ്റ്റേഷനറി, മുഹമ്മദ് ഷാഫി, പുളിശ്ശേരി, വാർഡ് 10

10 . സർവ്വീസ് സ്റ്റേഷൻ, മഹജൂർ പി.കെ, വാർഡ് 9

11. സ്റ്റേഷനറി, മേരി മത്തായി, വാർഡ് 8

12. സെന്റ് ജൂഡ് മെഡിക്കൽ ലാബ്, വിൻസി ബിജു, വാർഡ് 9

13. വെൽഡിംഗ് യൂണിറ്റ്, ബിജു തോമസ്, വാർഡ് 9

14. വാച്ച് റിപ്പയർ, ബിജു മാത്യു, വാർഡ് 9

15. തുണിക്കട, വിനോദ്, വാർഡ് 9

II. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഓഡിറ്റോറിയം കാവുമന്ദം, ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

III.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അബൂബക്കർ സിദ്ധിക്ക്, റംല (ബാപ്പൂട്ടി),സുബ്രഹ്മണ്യൻ, കാപ്പുവയൽ, ചാൾസ്, മഞ്ഞൂറ എന്നിവരുടെ ഉടമസ്ഥതയിലുള്ള റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം. 6/18-19,തീയ്യതി 19.06.2019)മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിന് അതത് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 66/2019<br>ചെന്ദലോട് 74ആം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം<br>സർക്കാർ ഉത്തരവ് 418/17 സാമൂഹ്യനീതി വകുപ്പ് | 5,80,000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വൗച്ചർ നം. 21800631/ 15/12/18<br>ചെലാൻ നം<br>8345/28.12.18 |

| | | | |
|---|---|---|---|
| | തീയതി 20.6.2017 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം<br><br>കൽപ്പറ്റക്ക് നൽകി(ഡെപ്പോസിറ്റ് വർക്ക്) | | |

നിർമ്മാണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കുന്നത് വരെ 5,80,000/- രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

# 3-2 തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ വേതനം

2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന വൗച്ചറുകളിലായി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്.

| ക്രമനം | വൗച്ചർ നം/തീയതി, ഇനം | തുക |
|---|---|---|
| 1 | 21800416/1.10.18 , വേതനം | 77000 |
| 2 | 21800494/1.11.18 , വേതനം | 77000 |
| 3 | 21800581/1.12.18 , വേതനം | 77000 |
| 4 | 21800647/1.1.19 , വേതനം | 77000 |
| 5 | 21800708/1.2.19, വേതനം | 77000 |
| 6 | 21800793/1.3.19 , വേതനം | 77000 |
| 7 | 21800899/28.3.19 , ലീവ് സറണ്ടർ | 38500 |
| 8 | 21800900/28.3.19 , /യാത്രപ്പടി | 10710 |
| | ആകെ | 511210 |

നാളിതു വരെ മേൽ തുക തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കാത്തതിനാൽ തനത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ പണം തനത് ഫണ്ടിലേക്ക്തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-3 മരുന്നു വാങ്ങൽ -13,244 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ(ആയുർ വേദം)

പ്രോജക്ട് നം 25/2019(മരുന്ന് വാങ്ങൽ), അടങ്കൽ 5,00,000/- രൂപ (MGnon Road)

ചെലവ് 5,00,000/- രൂപ, ബിൽ നം 1/2018-19 / 21.8.18

ഔഷധിയിൽ നിന്ന് ലഭ്യമാക്കിയ മരുന്നിൻെറ വില വിവരം, ലഭിച്ച കാലയളവ് ചുവടെ ചേർക്കുന്നു.

| ക്രമനം | ഇൻവോയിസ് നം/ തീയതി | മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|---|---|
| 1 | 90080987/15.9.18 | 22.9.18 | 23,750 |
| 2 | 90083302/29.9.18 | 5.10.18 | 56,461 |
| 3 | 90085738/17.10.18 | 23.10.18 | 25,281 |
| 4 | 90089606/12.11.18 | 15.11.18 | 46,886 |
| 5 | 90088176/31.10.18 | 15.11.18 | 18,159 |
| 6 | 90092586/30.11.18 | 18.12.18 | 40,129 |
| 7 | 90092459/30.11.18 | 18.12.18 | 5,361 |
| 8 | 90094087/17.12.18 | 26.12.18 | 3,402 |
| 9 | 90094930/24.12.18 | 26.12.19 | 778 |
| 10 | 90098752/21.1.19 | 23.1.19 | 9,912 |
| 11 | 90098666/21.1.19 | 23.1.19 | 935 |
| 12 | 90104093/25.2.19 | 7.3.19 | 4,177 |
| 13 | 90104553/26.2.19 | 7.3.19 | 680 |
| 14 | 90109004/22.3.19 | 22.3.19 | 655 |
| 15 | 90110910/30.3.19 | 3.5.19 | 1,911 |
| 16 | 90109658/27.3.19 | 3.5.19 | 3,128 |
| 17 | 90095047/24.12.18 | 26.12.18 | 2,503 |
| 18 | 90092589/30.11.18 | 18.12.18 | 26,976 |
| 19 | 90094084/17.12.18 | 18.12.18 | 1,985 |
| 20 | 90089593/12.11.18 | 15.11.18 | 58,638 |
| 21 | 90085788/17.10.18 | 23.10.18 | 46,675 |
| 22 | 90083295/30.9.18 | 5.10.18 | 42,422 |
| 23 | 90098760/21.1.19 | 21.1.19 | 949 |

| | | | |
|---|---|---|---|
| 24 | 90098751/21.1.19 | 17.2.19 | 5,589 |
| 25 | 90098616/19.1.19 | 17.2.19 | 3,312 |
| 26 | 90104094/25.2.19 | 7.3.19 | 6,798 |
| 27 | 90104548/26.2.19 | 7.3.19 | 7,578 |
| 28 | 90080837/17.9.18 | 22.9.18 | 41,726 |
| | | ആകെ | 4,86,756 |

13,244/- രൂപയുടെ മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ തുക തടസ്സത്തിൽ വെയക്കുന്നു.

# 3-4 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട്.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് ഉണ്ട്.

| ക്രമ നം. | നിർവ്വണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ, ബാങ്ക് | നീക്കിയിരുപ്പ് തുക | നീക്കിയിരുപ്പിന്റെ തീയതി |
|---|---|---|---|---|
| 1 | അസി. ഞ്ചിനീയർ | 40123100110169, കേരള ഗ്രാമീൺ ബാങ്ക് | ₹211167 | 09.06.2019 |
| 2 | വെറ്ററിനറി സർജൻ | 40123100110170, കേരള ഗ്രാമീൺ ബാങ്ക് | ₹16419 | 01.05.2019 |
| 3 | ഐ.സി.ഡി.എസ്. | 40123100109864, | ₹7142 | 01.05.2019 |

| | | | | |
|---|---|---|---|---|
| | സൂപ്പർവൈസർ | കേരള ഗ്രാമീൺ ബാങ്ക് | | |
| 4 | കൃഷി ഓഫീസർ | 40123100109682, കേരള ഗ്രാമീൺ ബാങ്ക് | ₹23403 | 04.04.2019 |
| 5 | വി.ഇ.ഒ | 40123100109997, കേരള ഗ്രാമീൺ ബാങ്ക് | ₹13786 | 01.05.2019 |

നീക്കിയിരിപ്പുതുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ വൈത്തിരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയാണ്. വൈത്തിരി സബ് ട്രഷറി നോൺബാങ്കിംഗ് ട്രഷറി ആയിരുന്നപ്പോൾ ആരംഭിച്ചതാണ് മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ.

വി.ഇ.ഒ. - യുടെ പേരിൽ മേൽപറഞ്ഞതിനു പുറമേ താഴെ പറയുന്ന ആവശ്യങ്ങൾക്കായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്.

| ക്രമ നം. | ആവശ്യം | അക്കൗണ്ട് നമ്പർ, ബാങ്ക് | നീക്കിയിരുപ്പ് തുക | നീക്കിയിരുപ്പിന്റെ തീയതി |
|---|---|---|---|---|
| 1 | ഹരിത കർമ്മസേന | 401231001027396, കേരള ഗ്രാമീൺ ബാങ്ക് | ₹8518 | 01.05.2019 |
| 2 | ടി.എസ്.സി. | 40123100108737, കേരള ഗ്രാമീൺ ബാങ്ക് | ₹16752 | 01.05.2019 |
| 3 | എം.എൻ. വീട് പദ്ധതി | 1001008504, തരിയോട് സർവ്വീസ് കോ-ഓപ് ബാങ്ക് | ₹74111 | 01.05.2019 |
| 4 | ഇ.എം.എസ്. ഹൗസിംഗ് | 1001008525, തരിയോട് സർവ്വീസ് കോ-ഓപ് ബാങ്ക് | ₹12040 | 01.05.2019 |

മേൽപറഞ്ഞ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കിതുക ട്രഷറിയിൽ തിരിച്ചടയ്ക്കാത്തത് സർക്കാർ നിർദ്ദേശത്തിന്റെ

ലംഘനമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽവിഷയത്തിൽ നിർവ്വണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

ബാക്കി തുക ട്രഷറിയിൽ അടവാക്കാത്തതിനും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് എൻക്വയറികൾ (വെറ്ററിനറി സർജൻ 03/2018-19/18.06.2019, അസി.എഞ്ചിനീയർ - 02/2018-19/18.06.2019) നൽകിയതിൽ അസി.എഞ്ചിനീയർ മറുപടിയായി പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-5 ഗ്രാമപഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുകളുടെ ഫീസ് ലഭ്യമായിട്ടില്ല.

ഇ- ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. , പേര്, | ടെണ്ടർ തീയതി | ബിഡുകളുടെ എണ്ണം | ഫോറം വില | ആകെ ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 1 | കരിങ്കണ്ണി കാട്ടുനായ്ക്ക കോളനി കുടിവെള്ള പദ്ധതി | 29.05.2018 | 1 | 1,460 | 1,460 |
| 2 | എസ്0033/19, വനിതകൾക്ക് തൊഴിൽ പരിശീലന കേന്ദ്രം | 24.07.2018 | 2 | 1,800 | 3,600 |
| 3 | എസ്0119/19, പട്ടിക വർഗ്ഗ വനിത വിപണന കേന്ദ്രം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 24.07.2018 | 2 | 1,500 | 3,000 |
| 4 | എസ്0121/19, ഗ്രാമ പഞ്ചായത്ത് അനുബന്ധ കെട്ടിടം പൂർത്തികരണം | 24.07.2018<br>07.09.2018 | 1<br>1 | 1,300<br>1,300 | 1,300<br>1,300 |
| 5 | എസ്0116/19, മെറ്റീരിയൽ കളക്ഷൻ സെന്റർ കെട്ടിടം | 24.07.2018 | 1 | 2,500 | 2,500 |
| 6 | എസ്035/19, കാവുംമന്ദം കേരോട്ട്കുന്ന് റീ-ടാറിംഗ് | 07.09.2018 | 1 | 2,500 | 2,500 |
| | | | ആകെ | | 15,660/- രൂപ |

തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/2018-19/ 22.06.2019 -ക്ക് മറുപടിയായി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് തുക ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫോറം ഫീസ് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-6 എം.എൻ.ആർ.ജി.എ. പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2018-19 വർഷത്തിൽ എം.എൻ.ആർ.ജി.എ. പദ്ധതി പ്രകാരം 18 നടപ്പാത/റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി പേയ്മെന്റ് നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളെല്ലാം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണോ നടത്തിയിട്ടുള്ളത് എന്നും പ്രസ്തുത ആസ്തി നിർമ്മാണത്തിന് ചെലവഴിച്ച തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2018-19/ 22.06.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 ടെണ്ടർ ചെയ്ത പ്രവൃത്തികൾ കരാറുടമ്പടി വെച്ച് ഏറ്റെടുക്കാത്ത കാരറുകാർക്കെതിരെ നടപടി സ്വീകരിച്ച് റീടെണ്ടർ നടത്തിയില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 10 (11) അനുസരിച്ച് ടെണ്ടർ തുറന്ന് 10 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2009.6 -ാം വകുപ്പ് അനുസരിച്ച് ടെണ്ടർ സ്വീകരിച്ച് ഫേം കാലയളവിനകം ടെണ്ടർ സ്വീകരിച്ചതായി രേഖാമൂലമുള്ള അറിയിപ്പ് നൽകേണ്ടതണ്. സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാടുമ്പടി വെയ്ക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം സമയം പി.എ.സി. - യുടെ 1% പിഴയോടുകൂടി കരാടുമ്പടി വെയ്ക്കാം. ആയതിനുള്ളിൽ കരാറുടമ്പടി വെച്ചിട്ടില്ലങ്കിൽ ടെണ്ടർ റദ്ദുചെയ്ത് റീടെണ്ടർ നടത്തണം.

ഗ്രാമപഞ്ചായത്ത് ടെണ്ടർ നടത്തിയ താഴെ കൊടുത്ത പ്രവൃത്തികൾക്ക് കരാറുടമ്പടി വെച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. , പേര് | അടങ്കൽ, ഫണ്ട് | ടെണ്ടർ തീയതി | ടെണ്ടർ അംഗീകരിച്ച ഭരണസമിതിയുടെ തീരുമാന നം. , തീയതി | കരാറുകാരൻ |
|---|---|---|---|---|---|
| 1 | എസ്.0027/19, ചെക്കണ്ണി ക്കോളനി പീക്കോട് റോഡ് ടാറിംഗ് | ₹5,00,000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 07.09.2018 | 2(1), 19.09.2018 | സെയ്തലവി വി.പി. |
| 2 | എസ്.0036/19, ചെന്ദലോട് കുവക്കൽപ്പടി റോഡ് റീടാറിംഗ് | ₹3,00,000/- വികസന ഫണ്ട് - ടി.എസ്.പി. | 07.09.2018 | 2(1), 19.09.2018 | സെയ്തലവി വി.പി. |
| 3 | എസ്.0065/19, അതിരത്തിൽ കോളനി കിണർ നിർമ്മാണം | ₹3,00,000/- വികസന ഫണ്ട് - ടി.എസ്.പി. | 11.01.2019 | 1(4), 14.01.2019 | കെ.എ. ജോസഫ് |

മേൽ പറഞ്ഞ കരാറുകാർക്കെതിരെ നടപടി എടുത്ത് റീടെണ്ടർ ചെയ്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റിയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപറഞ്ഞ പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ചതായും കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 13/2018-19/ 22.06.2019 -ന് മറുപടിയായി അതിരത്തിൽ കോളനി കിണർ നിർമ്മാണം എന്ന പ്രവൃത്തി സ്ഥലം ലഭ്യമാകാത്തതിനാലാണ് കരാർ വെയ്ക്കാത്തതെന്നും മറ്റ് രണ്ട് പ്രവൃത്തികളുടെ കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടപടികൾ എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ സാമ്പത്തിക വർഷത്തിനുള്ളിൽ

പൂർത്തിയാക്കാത്തതിനാൽ അയതിന് വേണ്ടി വകയിരുത്തിയ തുക ലാപ്സായി ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നതിനും പദ്ധതി കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകാതെ വരുകയും ചെയ്തിരിക്കുന്നു. ആയതിനാൽ വീഴ്ച വരുത്തിയ കരാറുകാരെ ഒഴിവാക്കി റീടെണ്ടർ നടത്തി പദ്ധതികൾ യത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 3-8 കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ടെണ്ടർ നടത്തി കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. , പേര് | അടങ്കൽ, ഫണ്ട് | കരാറുടമ്പടിയുടെ നം. , തീയതി | കരാറുകാരൻ |
|---|---|---|---|---|
| 1 | എസ്0039/19, പൊയിൽ കോളനി കിണർ പുനരുദ്ധാരണം | ₹3,00,000/- വികസന ഫണ്ട് (ടി.എസ്.പി) | 17/2018-19, 18.09.2018 | സതീഷ് ജോയ് |
| 2 | എസ്.0079/19, ചെങ്കണ്ണികോളനി കിണർ നിർമ്മാണം | ₹2,10,000/- വികസന ഫണ്ട് (ടി.എസ്.പി) | 35/2018-19, 23.10.2018 | സുബൈർ യു.കെ. |
| 3 | എസ്.0041/19, കാവുമന്ദം എട്ടാംമൈൽ റോഡ് റീടാറിംഗ് | ₹4,00,000/- സംരക്ഷണ ഗ്രാന്റ് | 38/2018-19, 29.11.2018 | മുഹമ്മദ് ഹനീസ് |
| 4 | എസ്.0074/19, ജി.എൽ.പി.എസ്. കാണാഞ്ചേരി അറ്റകുറ്റപണി | ₹4,75,000/- സംരക്ഷണ ഗ്രാന്റ് | 46/2018-19, 11.01.2019 | കെ. ഉണ്ണികൃഷ്ണൻ |

| | | | | |
|---|---|---|---|---|
| 5 | എസ്.0125/19, നട്ടുകുളം പാലം നവീകരണം | ₹2,00,000/- വികസന ഫണ്ട് | 54/2018-19, 30.01.2019 | കെ. ഉണ്ണികൃഷ്ണൻ |
| 6 | എസ്.0131/19, കുണ്ടിലങ്ങാടി അംഗൻവാടി കുടിവെള്ളം | ₹87,200/- വികസന ഫണ്ട് | 55/2018-19, 19.02.2019 | കെ. രഞ്ചിത്ത് |
| 7 | എസ്.0127/19, എച്ച്.എസ്. ഐക്കരപ്പടി റോഡ്കെട്ട് | ₹2,00,000/- വികസന ഫണ്ട് | 43/2018-19, 11.01.2019 | കെ. ഉണ്ണികൃഷ്ണൻ |

മേൽ പറഞ്ഞ കരാറുകാർക്കെതിരെ നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ നടപടി എടുത്തതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റിയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപറഞ്ഞ പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ചതായി കാണുന്നില്ല.

വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ പ്രസ്തുത പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നതിന് ഇടവരുത്തുന്നു. ആയതിന് പുറമേ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വരുന്നത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിലും കാലതാമസം ഉണ്ടാക്കുന്നു.

2018-19 സാമ്പത്തിക വർഷാവസാങ്ങളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് ഇല്ലാത്ത സാഹചര്യം വന്നപ്പോൾ കരാറുകാർ പ്രവൃത്തികൾ നടപ്പിലാക്കാൻ കാലതാമസം വരുത്തിയെന്ന ഓഡിറ്റ് എൻക്വയറി നം. 14/2018-19/ 22.06.2019- ന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം മേൽ പറഞ്ഞ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള പ്രവൃത്തികൾ നേരത്തെ ടെണ്ടർ നടത്തിയവയാണ് ആയതിനാൽ അവസാന മാസങ്ങളിൽ ഫണ്ട് ഇല്ലാതിരുന്നതിനാലാണ് ആരംഭിക്കാതിരുന്നത് എന്ന മറുപടി നിലനിൽക്കുന്നതല്ല. ആയതിന് പുറമേ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.

കരാറുടമ്പടിവെച്ച് ഏൽപ്പിച്ച പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്ത കരാറുകാർക്കെതിരെ നിയമ പരമായ നടപടികൾ സ്വീകരിച്ച് പ്രോജക്ടുകൾ നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

# 3-9 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലേയും നിർവ്വഹണത്തിലെയും വീഴ്ചകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും രേഖകളുടെ സൂക്ഷിപ്പും സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, റോഡ് കണക്കുവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. [പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 72/2017/തസ്വഭവ, 29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്കുവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്.]

2) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും യഥാവിധം എഴുതി സൂക്ഷിച്ചിട്ടില്ല. നമ്പർ രേഖപ്പെടുത്താതെയും നഗരസഭയുടെ മുദ്രപതിക്കാതെയുമാണ് ടെണ്ടർ ഫോറങ്ങൾ സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, ഗ്രാമപഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൻെറ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിയവയാണൊന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്കുകൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പലതും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. പല പ്രവൃത്തികളുടെയും സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ എന്നിവയില്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. കരാറുകരൻ രേഖപ്പടുത്തിയ നിരക്കുകൾ എഞ്ചിനീയർ അക്ഷരത്തിൽ രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല റോഡ് പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ ചെയ്നേജ് രേഖപ്പെടുത്തിയിട്ടില്ല. കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4) അളവ് പുസ്തകങ്ങൾക്ക് കൃത്യമായ നമ്പർ നൽകി സ്റ്റോക്കിൽ എടുക്കുന്നില്ല. കൈപ്പറ്റി ഉദ്യോഗസ്ഥന്റെ അക്വിറ്റൻസ് ഇല്ല. അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെയും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെയും പേരും ഉദ്യോഗപേരും രേഖപ്പെടുത്തിയിട്ടില്ല. പല അളവ് പുസ്തകത്തിലെയും മെമ്മോ ഓഫ് പേയ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 17 /2018-19/ 22.06.2019-ന് മറുപടിയായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 3-10 ഹരിത കർമ്മസേന - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ) നം.407/2018 തീ.09.02.2018 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സഹായ സംഘങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യ രണ്ട് വർഷം ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്. ആദ്യ വർഷത്തെ പ്രവർത്തനം റിവ്യൂ ചെയ്യതിനുശേഷമാണ് രണ്ടാം വർഷം ചുമതല തുടർന്ന് നൽകേണ്ടത്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മസേന സ്വയം പ്രവർത്തനശേഷി കൈവരിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ആവർത്തന ചെലവ് വഹിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണ്.

2018- 19 വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് താഴെ പറയുന്ന തരത്തിൽ ചെലവ് വന്നിട്ടുണ്ട്.

അടങ്കൽ --- 2,61,560/- രൂപ

ചെലവ് --- 19960/- രൂപ

-

| ബിൽ നമ്പർ/തിയ്യതി | തിയ്യതി |
|---|---|
| 17/18-19/12.10.2018 | 30,000 |
| 18/18-19/22.10.2018 | 78,700 |
| | |

| | |
|---|---|
| 24/18-19/18.12.2018 | 79,100 |
| 28/18-19/27.02.2019 | 10,500 |
| 31/18-19/120.3.2019 | 1,300 |

2017 -18 ൽ 38,440 രൂപയും ( യൂണിഫോം മെറ്റീരിയൽസ് , ബൂട്ട് ,ഗ്ലൗസ് എന്നിവ വാങ്ങുന്നതിന് ), 2018- 19 ൽ 19,960/- രൂപയും ചെലവഴിച്ചിട്ടുണ്ട് .

| | |
|---|---|
| വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് കളക്ഷൻ സെന്ററിലേക്ക് കൊണ്ടു വന്ന വാഹന വാടകയായി | 45,500/-രൂപ |
| ഹരിത കർമ്മസേന അംഗങ്ങൾക്ക് ഹോണറേറിയം | 1,12,200/- രൂപ |
| ഗ്രീൻ വേംസ് | 30,000/- രൂപ |
| നോട്ടീസ് , രസീതി ബുക്ക് | 11,900/- രൂപ |

വീടുകളിൽ നിന്നും 25 രൂപ, കച്ചവട സ്ഥാപനങ്ങളിൽ നിന്നും 30 രൂപ, റിസോർട്ടുകളിൽ നിന്നും 100 രൂപ നിരക്കിൽ യൂസർ ഫീസ് ഈടാക്കുന്നതിന് തീരുമാനിക്കുകയും യൂസർ ഫീ പിരിക്കുന്നതിന് 100 രസീതി ബുക്കുകൾ അച്ചടിക്കുകയും 1/10/2018 മുതൽ 22/10/2018 വരെ 20 അംഗങ്ങൾക്ക് രസീതികൾ നൽകുകയും ചെയ്തിട്ടുണ്ട് (1 മുതൽ 20 വരെ ). പല രസീതികളിലും തുക എഴുതിയിട്ടില്ല. ഹാജരാക്കിയ രസീതികൾ പ്രകാരം 14,005/- രൂപ പിരിച്ചിട്ടുണ്ട്( 1-33 – 850/-, 101-200- 2625/- ,201 – 282 -2095/- , 501- 540- 790/-, 701 - 737 – 1125/- , 901-952-1070/- , 1201-1286 – 2115/- , 1301-1322- 475/-,1401 – 1474 – 1075/- , 1701-1748-1025/-, 1801-1844 – 630/- , 1901-1917- 130/- ). യൂസർ ഫീ അടവാക്കുന്നതിന് പ്രസിഡന്റിന്റെയും , വി. ഇ. ഒ ടെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ 2019 ജനുവരി വരെ 8375/- രൂപ മാത്രമാണ് അടവാക്കിയത്. അവശേഷിക്കുന്ന തുക (14005-8375=5630) അടവാക്കിയതിന്റെ വിവരങ്ങൾ ഇല്ല. പിരിച്ചെടുത്ത തുകകൾ ഹരിത കർമ്മസേന അംഗങ്ങളുടെ കൈവശമാണുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്.

ക്ലീൻ കേരള മിഷൻ/ഏജൻസിയുമായോ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. 2019 ജനുവരിക്ക് ശേഷം പ്ലാസ്റ്റിക് ശേഖരണം നടക്കുന്നില്ല. ശേഖരിച്ച മാലിന്യങ്ങൾ ഒരു തവണ മാത്രമാണ് കയറ്റി അയച്ചത് . ശേഷിക്കുന്നവ താൽക്കാലിക സംഭരണ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. പഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തൻവർഷം പദ്ധതി വെച്ചിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. ആകെ മൂന്ന് തവണ മാത്രമാണ്

ഹരിത കർമ്മസേന പ്രവർത്തന അവലോകനം നടന്നിട്ടുള്ളത് . 2018 നവംബർ മാസത്തിന് ശേഷം അവലോകന യോഗങ്ങളോ , മീറ്റിംഗുകളോ നടന്നിട്ടില്ല.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുന്നതിൽ ഭരണസമിതിയുടെയോ , സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ കാര്യമായ ഇടപെടലുകളോ , പ്രവർത്തനങ്ങളോ ഇല്ലാത്തതിനാൽ ഹരിത കർമ്മസേന ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. രസീതി പ്രകാരം പിരിച്ചെടുത്ത തുകകൾ ബാങ്കക്കൗണ്ടിൽ അടവാക്കേണ്ടതും , രസീതി ഉപയോഗത്തിലുണ്ടായ അപാകതകൾ പരിഹരിച്ച് ക്രമക്കേടുകൾ നടന്നിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# 3-11 തെങ്ങ് കൃഷി പുനരുദ്ധാരണം - തെങ്ങിൻ തൈ വിതരണം നടത്തിയില്ല.

പദ്ധതിയുടെ പേര് - തെങ്ങ് കൃഷി പുനരുദ്ധാരണം ( s0029/19)

അടങ്കൽ - 68,500/- രൂപ ( വികസന ഫണ്ട് - ജനറൽ )

ചെലവ് - 68,500/- രൂപ ( ബിൽ നമ്പർ - 7/18-19/26.3.2019 )

2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നടപ്പാക്കിയ തെങ്ങ് കൃഷി പുനരുദ്ധാരണം (project No.s0029/19 ) എന്ന പദ്ധതിക്കായി തെങ്ങിൻ തൈകൾ വാങ്ങുന്നതിന് 68500/- രൂപ (51,512/- ,വികസനഫണ്ട് പൊതുവിഭാഗം, 16,988/- ഗുണഭോക്തൃവിഹിതം) പാലയാട് കോക്കനട്ട് നഴ്സറി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തെങ്ങിൻ തൈകൾ ലഭിച്ചതിന്റെയോ, വിതരണം നടത്തിയതിന്റെയോ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( /18-19/21.6.2019 ) നൽകിയ മറുപടിയിൽ തെങ്ങിൻ തൈകൾ ലഭിച്ചിട്ടില്ലായെന്നും ലഭ്യമാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-12 നവാഗതർക്ക് കുട, ബാഗ് വിതരണം - വിതരണ വിവരം ലഭ്യമല്ല – 25241 രൂപ നിരാകരിക്കുന്നു.

പദ്ധതിയുടെ പേര് -നവാഗതരായ പട്ടികവർഗ്ഗ സ്കൂൾ കുട്ടികൾക്ക് കുട, ബാഗ് വിതരണം

അടങ്കൽ - 1,00,000/- രൂപ ( ടി. എസ് .പി )

ചെലവ് - 25,241/- രൂപ (ബിൽ നമ്പർ - CB/29/18-19/6.3.2019 )

നവാഗതരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട,ബാഗ് എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. കേരള ദിനേശ് ബീഡി വർക്കേഴ്സ് സൊസൈറ്റിയിൽ നിന്നും ഒന്നിന് 202 രൂപ നിരക്കിൽ 43 കുടകളും , 385രൂപ നിരക്കിൽ 43 ബാഗുകളും വാങ്ങിയിട്ടുണ്ട്. അവ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ കുട, ബാഗ് എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായുള്ള രേഖകൾ ലഭ്യമല്ല. വിതരണ വിവരം ഹാജരാക്കാത്തതിനാൽ സാധനങ്ങൾ നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കപ്പെട്ടു എന്നുറപ്പിക്കാൻ കഴിയാത്തതിനാൽ ചെലവ് തുക 25,241/- രൂപ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 37,310 | 1)28/2018-നെൽകൃഷി സബ്സിഡി<br>2)17/17-18 പാൽ സബ്സിഡി | 37,310 | 0 |
| ജില്ലാ പഞ്ചായത്ത് | 51,000 | 1)28/2018-നെൽകൃഷി സബ്സിഡി<br>2)17/17-18 പാൽ സബ്സിഡി | 51,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയു ടെ പേര് | വൗച്ചർ/ ചെക്ക് നംമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴ്ക്കാൻ ബാക്കിയുഴള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് (കെട്ടിടം) | ചെന്നലോട് 74-ാം നമ്പർ അംഗൻവാടി കെട്ടിടം നിർമ്മാണം | 21800631/15.12.18 | 580000 | 580000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 1997-98 | 36 എ,ബി | 450 | 118050101324/04/12/2018 |
| 2008-09 | 3/4 | 1330/- | 118050101764/26/12/2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 10 | മണൽലേലം,മുൻകൂർ നൽകിയ മരാമത്ത് വേല സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |
| 1998-99 | 3-3 | 2005-06 | 79(1) | പെൻഷൻ വിതരണത്തിൽ അപാകത | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-4 | 2008-09 | 3.9.4 | കുടുംബശ്രീ<br>മുഖേനെ വീട് നിർമ്മാണം- വീടുകൾ പൂർത്തീകരിച്ചിട്ടില്ല | സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹5,44,52,811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹5,41,59,983 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹25,241 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹5,93,244 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12 | - | ₹25,241 | ശ്രീ. ബിജു കെ.എൽ. ടി.ഇ.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹5,80,000 | ശ്രീമതി ഇന്ദിര പി.കെ , സെക്രട്ടറി |
| 3-3 | ₹13,244 | മെഡിക്കൽ ഓഫീസർ (ആയുർ വേദം) |
| ആകെ | ₹5,93,244 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക 3-10 – 5630 – ഹരിത കർമ്മസേന

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേര്, ഉദ്യോഗപേര് | ഇപ്പോഴത്തെ വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി ഇന്ദിര പി.കെ , സെക്രട്ടറി | സെക്രട്ടറി തരിയോട് ഗ്രാമപഞ്ചായത്ത് | കുപ്പത്താനത്ത് വീട്, നന്ദനം, പൊഴുതന |
| ശ്രീ ബിജു കെ എൽ | ടി ഇ ഒ | കൊല്ലമാട്ടേൽ മാനന്തവാടി |
| ഡോ എസ് സന്ധ്യ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | സൂര്യശ്രീ ഗവ . ക്വാർട്ടേർസിനു സമീപം ഷൊർണ്ണൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. |
|---|---|
| 1996-97 | എൽ . എഫ് പി 2-532/98/17.11.98 |
| 1997-98 | എൽ. എഫ് (ഡബ്ല്യൂ) പി 3-624/00/28.3.01 |
| 1998-99,plan | എൽ. എഫ് (ഡബ്ല്യൂ)പി 1-88/2007/2.3.07 |
| 1998-99 | എൽ . എഫ് (ഡബ്ല്യൂ )പി 3-607/04/5.8.2005 |
| 1999-00 | എൽ. എഫ് (ഡബ്ല്യൂ )പി 3-294/04/3.8.06 |
| 2000-01,plan | എൽ. എഫ് (ഡബ്ല്യൂ )പി 1-295/04/31.12.2004 |
| 2001-02,plan | എൽ. എഫ് (ഡബ്ല്യൂ )പി 1-296/04/3.8.06 |
| 2001-02 | എൽ. എഫ് (ഡബ്ല്യൂ )പി 1 -168/07/13/08/19 |

| | |
|---|---|
| 2002-03 | എൽ. എഫ് (ഡബ്ല്യു )പി 1-400/07/16/08/19 |
| 2003-04 | എൽ. എഫ് (ഡബ്ല്യു )പി 1-1118/08/ 18/08/19 |
| 2004-05 | എൽ. എഫ് (ഡബ്ല്യു )പി 1-1117/08/16/8/19 |
| 2005-06 | എൽ. എഫ് (ഡബ്ല്യു )പി 1-1168/08/3.3.2009 |
| 2006-07 | എൽ. എഫ് (ഡബ്ല്യു )പി 1-661/10/13/8/19 |
| 2007-08 | എൽ. എഫ് (ഡബ്ല്യു )പി 1-90/13/16/8/19 |
| 2008-09 | എൽ. എഫ് (ഡബ്ല്യു )പി 1-377/13/13.5.14 |
| 2009-10 | എൽ. എഫ് (ഡബ്ല്യു )പി 1-407/13/11.10.2013 |
| 2010-11 | എൽ. എഫ് (ഡബ്ല്യു )പി 1-221/14/15.7.14 |
| 2011-12 | എൽ. എഫ് (ഡബ്ല്യു )പി 1-258/14/18.2.15 |
| 2012-13 | എൽ. എഫ് (ഡബ്ല്യു )പി 1-215/15/23.3.15 |
| 2013-14, 2014-15 | കെ.എസ്.എ .ഡബ്ല്യു.വൈ.ഡി പി1-22/16/4.4.2017 |
| 2015-16 | നം.കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) .പി.1/772/16/13/8/19 |
| 2016-17 | നം.കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) .പി.1/902/17/17/03/2018 |
| 2017-18 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-855/18 10.12.2018 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഡബ്ല.വൈ.ഡി. പി1-511/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി :10/10/2019

Phone- 04936 203672

**Email- dowyd.ksad@kerala.gov.in.**

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ **തരിയോട് പഞ്ചായത്തിന്റെ** 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻറെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻറെ അനുബന്ധത്തിൽ കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻറെ അഭിപ്രായത്തിൽ **തരിയോട് പഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# അനുബന്ധം-2 വാർഷിക കണക്കുകളിലെ അപാകതകൾ

## ന്യൂനതകളുടെ സംഗ്രഹം

1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാത സ്റ്റേറ്റ്മെന്റുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. തനത് ഫണ്ടിനായി രണ്ട് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്, 1) SCB 3042 2) KGB 29668.ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കാൻ പാടുള്ളതല്ല.

3. തനത് ഫണ്ടിൽ, TSC,SSA,WGDP,ICDS,PYKA മുതലായ വരവുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർത്തിയാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. തനത് ഫണ്ട് അക്കൗണ്ട് തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

4. DCB രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയും Receipt&Payment സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Items | As per Statement/Register | As per RP-43 | Difference |
|---|---|---|---|
| Property tax | Arrear-30175 | Arrear-22030 | 8145 |
| | Current-2673206 | Current-2598792 | 74414 |
| Profession Tax Employees | 752900 | 736900 | 16000 |

5. വാർഷിക കണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് കാണിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

6. B-11 Schedule പ്രകാരം Depreciation ചാർജ്ജ് ചെയ്തിട്ടുണ്ടെങ്കിലും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (ഡിപ്രീസിയേഷൻ നിരക്ക്, ആസ്തികളുടെ ബുക്ക് വാല്യൂ, ആസ്തിയുടെ ലൈഫ് ടൈം തുടങ്ങിയവ), ബന്ധപ്പെട്ട രേഖകളോ ഡാറ്റ ഷീറ്റോ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7. NREGA ഗ്രാന്റിൽ താഴെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 31868279 | 31309894 | 558385 |
| ചെലവ് | 32316095 | 31309894 | 1006201 |

8. RP-5 – ൽ Tender Form Sale ഇനത്തിൽ 1,96,000/- രൂപ ഉണ്ട്. എന്നാൽ, പ്രസ്തുത തുകയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർത്തീകരിച്ചിട്ടില്ല.

10. ലോൺ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, RP 32 -വിൽ 5,38,407/- രൂപ സെക്യൂഡ് ലോൺ ഉണ്ട്.

11. വസ്തുനികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻറും കളക്ഷനും യോജിക്കുന്നില്ല.

വസ്തു നികുതി ഡിമാൻറ് (I-1) - 25,99,340

കളക്ഷൻ - 25,98,798

--------------

വ്യത്യാസം - 548

=========

വ്യത്യാസം ട്രയൽ ബാലൻസിൽ കുടിശ്ശികയായി കാണിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

കൽപ്പറ്റ,
തിയ്യതി 10/10/2019

# അനുബന്ധം- 3 ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ

## THARIYODE GRAMA PANCHAYATH

## INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| **Income** | | | |
| 110000000 | Tax Revenue | I-1 | 35,48,240.00 |
| 130000000 | Rental income from Panchayat Properties | I-3 | 554316.00 |
| 140000000 | Fee & User Charges | I-4(b) | 289929.00 |
| 150000000 | Sale& Hire Chargrs | I-5(b) | 196000.00 |
| 160000000 | Revnue Grants, Funds, Contributions & Compensations Subsidies | I-6 | 82695585.00 |
| 171000000 | Interest Earned | I-8 | 670521.00 |
| 180000000 | Other Income | I-9 | 6583.00 |
| A | **Total Income** | | **87961174.00** |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 8446983.00 |
| 220000000 | Administrative Expenses | I-11(b) | 791103.00 |
| 230000000 | Operations & Maintanance | I-12(b) | 748859.00 |
| 240000000 | Interest & Finance charges | I-13 | 2458.00 |
| 250000000 | Decentralised Plan Programme – Prodective sector | I-14 | 2765076.00 |
| 251000000 | Decentralised Plan Programme – Service sector | I-14(a) | 52455161.00 |
| 252000000 | Decentralised Plan Programme – Infrastructure sector | I-14(b) | 4489683.00 |
| 253000000 | Decentralised Plan Programme – Projects not included in sector Division | I-14(c) | 549406.00 |
| 254000000 | Expenditure of Tramsffered Institutions and State Sponsered Scheme (not inculed under Decentralised Plan Programme) | I-14(d) | 16636700.00 |
| 255000000 | Maintances Projects | I-14(e) | 7998124.00 |
| 256000000 | Other revenue Grants and Funds – Revenue Expenses | I-15(a) | 25000.00 |
| 272000000 | Depreciation | I-17(a) | 7581774.00 |
| B | **Total Expenditure** | | **102490327.00** |
| [illegible] | [illegible] | | [illegible] |

| | | | |
|---|---|---|---|
| C= A-B | *Gross Surplus/Deficit of Income over Expenditure* | | (14529153.00 ) |
| D=280000000 | Prior Period Item | I-18 | 379.00 |
| E= C-D | *Gross Surplus/Deficit of Income over Expenditure after prior period Items* | | (14529532.00) |

DEPUTY DIRECTOR

കൽപ്പറ്റ,
തിയ്യതി 10/10/2019

## THARIYODE GRAMA PANCHAYAT

## RECEIPT & PAYMENT STATEMENT

## For the period from 01-April-2018 to 31-March-2019

| Code | Head of Account | Schedule | Amount (₹) |
| --- | --- | --- | --- |
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 20200088.60<br>0 |
| **Receipt** | | | |
| **Operating** | | | |
| 110000000 | Tax Revenue | RP-1 | 736900.00 |
| 130000000 | Rental income from Panchayat Properties | RP-3 | 12300.00 |
| 140000000 | Fee & User Charges | RP-4 | 210679.00 |
| 150000000 | Sale& Hire Chargrs | RP-5 | 196000.00 |
| 160000000 | Revnue Grants, Funds, Contributions & Compensations | RP-7 | 36473449.00 |
| 171000000 | Interest Earned | RP-9 | 670521.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5869963.00 |
| 350000000 | Other Liabilities | RP-36 | 168014.00 |
| **Non Operating** | | | |
| 180000000 | Other Income | RP-10 | 6583.00 |
| 311000000 | Earmarked Funds | RP-29 | 319.00 |
| 330000000 | Secured Loans | RP-32 | 5383407.00 |
| 340000000 | Deposits REceivede | RP-34 | 354540.00 |
| 350000000 | Other Liabilities | RP-36 | 221206.00 |
| 431000000 | Sundry Debtors (Receibles) | RP-43 | 4139930.00 |
| 460000000 | Loans: Advances and Deposits | RP-47 | 9000.00 |
| **Grand Total** | | | **74652899.60** |
| **Payments** | | | |
| Operating | | | |
| 210000000 | Establishment Expences | RP-11 | 2579193.00 |
| 220000000 | Administrative Expences | RP-12 | 791103.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintanance | RP-13 | 737522.00 |
| 250000000 | Decentralised Plan Programme – Prodective sector | RP-15 | 2763776.00 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 19681582.00 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-17 | 4489683.00 |
| 253000000 | Decentralised Plan Programme – Projects not included sector | RP-18 | 549406.00 |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme | RP-19 | 92400.00 |
| 255000000 | Maintances Projects | RP-20 | 7998124.00 |
| 280000000 | Prior Period Item | RP-26 | 0.0 |
| 320000000 | Grands, Funds & Contribution for Specific Purpose | RP-31 | 318626.00 |
| 350000000 | Other Liabilities | RP-36 | 6000988.00 |
| | **Non Operating** | | |
| 240000000 | Interest & Finance charges | RP-14 | 2458.00 |
| 340000000 | Deposits received | RP-34 | 89827.00 |
| 350000000 | Other Liabilities | RP-36 | 1379997.00 |
| 410000000 | Fixed Assets | RP-38 | 5671367.00 |
| 412000000 | Capital Work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1013931.00 |
| | **Closing Balance** | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 20489456.60<br>3460.00 |
| **Grand total** | | | **74652899.60** |

DEPUTY DIRECTOR

കൽപ്പറ്റ,
തിയ്യതി 10/10/2019

# THARIYODE GRAMA PANCHAYAT

## BALANCE SHEET

## For the period from 01-April-2018 to 31-March-2019

| Code No. | Description of Items | Schedule | Amount (₹) |
|---|---|---|---|
| | Opening Balance | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Municipal (General) Fund [Code No. 3101] | B-1 | (6443005.40) |
| 311000000 | Earmarked Funds | B-2 | 10081.00 |
| 312000000 | Reserves | B-3 | 41983959.00 |
| | **Total Reserve & Surplus** | | **35551034.60** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 12982492.00 |
| | **Total Grants, Funds & Contributions for** | | **12982492.00** |

| | | | |
|---|---|---|---|
| | Specific Purposes | | |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5383407.00 |
| | **Total Loans** | | **5383407.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 978683.00 |
| 350000000 | Other Liabilities | B-9 | 2395575.00 |
| | **Total Current Liabilities & Provisions** | | **3374258.00** |
| | **TOTAL LIABILITIES** | | **57291191.60** |
| | **ASSETS** | | |
| | **FIXED ASSETS** | | |
| 410000000 | Fixed Assets | B-11 | 48029646.00 |
| 411000000 | Accumulated Depreciation | B-11 | -11724731.00 |
| 412000000 | Capital Work in progress | B-11(a) | 0.0 |
| | **Total Fixed assets** | | 36304915.00 |
| | **Current Assets. Loans and Advances** | | |
| | | B-14 | 0.0 |
| 431000000 | Sundry Debtore (Receivable) | B-15 | 12867.00 |
| 440000000 | Pre-paid Expences | B-16 | 0.0 |
| 450000000 | Cash and bank balance | B-17 | 20492916.60 |
| 460000000 | Loans, Advance and Deposits | B-18 | 480493.00 |
| | **Total Current Assets, Loans and Advances** | | 20986276.60 |
| | **TOTAL ASSETS** | | **57291191.60** |

DEPUTY DIRECTOR

കൽപ്പറ്റ,
തിയ്യതി 10/10/2019